LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ താലൂക്കിലെ കള്ളുഷാപ്പ് തൊഴിലാളികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി

90 (5495) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ താലൂക്കിൽ കള്ള് ഷാപ്പുകൾ കരാറുകൾ രണ്ടാം തവണയും അടച്ചിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഷാപ്പ് അടയ്ക്കുന്നതിന് എന്ത് കാരണമാണ് കരാറുകാർ പറയുന്നത് ;

(സി) ഇക്കാര്യത്തിൽ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യൂണിയനുകളുമായി ചർച്ച നടത്തിയിരുന്നുവോ ; ഈ യോഗത്തിലെ തീരുമാനങ്ങളും ധാരണകളും എന്തായിരുന്നു ;

(ഡി) ഈ ധാരണകൾക്ക് വിരുദ്ധമായി എക്സൈസ് ഉദ്യോഗസ്ഥർ പെരുമാറിയതായി പരാതി കിട്ടിയിട്ടുണ്ടോ ;

(ഇ) തൊഴിലാളികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഷാപ്പു തുറപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കോലഴി റേഞ്ചിലെ 4 ഗ്രൂപ്പുകളും ചേർപ്പ് റേഞ്ചിലെ 8 ഗ്രൂപ്പുകളും അന്തിക്കാട് റേഞ്ചിലെ 6 ഗ്രൂപ്പുകളും 2010 ജൂലൈ 10 മുതൽ 15 വരെ അടച്ചിട്ടിരുന്നു.

(ബി) അബ്കാരി നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിനുള്ള എതിർപ്പാണ് ഷാപ്പ് അടയ്ക്കുന്നതിന് കാരണം.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) തൊഴിലാളികൾക്ക് കരാറുകാർ ബോധപൂർവം സൃഷ്ടിച്ച ബുദ്ധിമുട്ട് പരിഹരിച്ചിട്ടുണ്ട്. ഷാപ്പുകൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ഐ.എം.എഫ്.എൽ. വാങ്ങുന്ന സ്ഥാപനങ്ങൾ

91 (5496) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ഐ.എം.എഫ്.എൽ. ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങുന്നത് ;

(ബി) ഇത്തരം സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് ബിവറേജസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇത്തരത്തിലുള്ള ഏതെങ്കിലും സ്ഥാപനങ്ങളെ കരിമ്പട്ടികയിൽ പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ ;

(ഡി) ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ഐ.എം.എഫ്.എൽ. വാങ്ങുന്നത് ക്രെഡിറ്റ് സിസ്റ്റത്തിലൂടെയാണോ ;

(ഇ) ഡിസ്റ്റലറികളിൽ നിന്ന് ബിവറേജസ് കോർപ്പറേഷനിലെ ഗോഡൗണുകളിലേക്ക് ഐ.എം.എഫ്.എൽ. ട്രാൻസ്പോർട്ട് ചെയ്യുമ്പോൾ ഡാമേജോ,ബ്രോക്കേജുകളോ വരാറുണ്ടോ ;

(എഫ്) എങ്കിൽ അതിലുണ്ടാകുന്ന നഷ്ടം ബിവറേജസ് കോർപ്പറേഷൻ എങ്ങനെയാണ് നികത്തുന്നത് ?

ഉത്തരം

(എ) 2010-2011 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വിദേശമദ്യം വാങ്ങുന്ന കമ്പനികളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഗവൺമെന്റ് നിർദ്ദേശപ്രകാരം ബിവറേജസ് കോർപ്പറേഷൻ എല്ലാ സാമ്പത്തിക വർഷവും മദ്യം വാങ്ങുന്നതിനുവേണ്ടിയുള്ള ടെൻഡറുകൾ വിളിക്കുകയും, പ്രസ്തുത ടെൻഡർ പ്രകാരം ഇൻഡ്യയിലുള്ള മദ്യ നിർമ്മാണ കമ്പനികൾ ഓഫറുകൾ സമർപ്പിക്കുകയും ചെയ്യും. ടെൻഡറിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരമാണോ മദ്യക്കമ്പനികൾ തങ്ങളുടെ ഓഫറുകൾ സമർപ്പിച്ചിട്ടുള്ളതെന്ന് പരിശോധിക്കുകയും പരിശോധനയുടെ വിശദവിവരം കോർപ്പറേഷന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിനെ അറിയിക്കുകയും ചെയ്യും. ബോർഡ് ഓഫ് ഡയറക്ടേഴ്സ് നിബന്ധനകൾ പാലിച്ച മദ്യ നിർമ്മാണ കമ്പനികളുടെ ഓഫറുകൾ സ്വീകരിക്കുകയും പ്രസ്തുത കമ്പനികളുമായി റേറ്റ് കോൺട്രാക്റ്റിൽ ഏർപ്പെടുകയും ചെയ്യും.

(സി) 2010-2011 സാമ്പത്തിക വർഷത്തിൽ ഒരു കമ്പനിയേയും കരിമ്പട്ടികയിൽ പെടുത്തിയിട്ടില്ല.

(ഡി) അതെ.

(ഇ) ഉണ്ട്.

(എഫ്) ഇത്തരത്തിൽ ഉണ്ടാകുന്ന നഷ്ടം അതാത് കമ്പനികളിൽനിന്നും ഈടാക്കുകയാണ് പതിവ്.

LIBRARY ARCHIVES Kerala Legislative Assembly